(എ) കേരള സംസ്ഥാന ഹരിജൻ ഡവലപ്പ്മെന്റ് കോർപ്പറേഷന്റെ തിരുവനന്തപുരം റീജിയണൽ ആഫീസ് മുഖേന ഹരിജനങ്ങൾക്ക് യൂണിയൻ ബാങ്ക് മുഖേന ഗുണനിലവാരം കുറഞ്ഞ ഓട്ടോറിക്ഷാ നൽകി അവരുടെ ജീവിതം തകർത്തിരിക്കുന്നതിൽനിന്നും അവരെ രക്ഷിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം വല്ലതും ഗവൺമെന്റിനു കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി കൈക്കൊണ്ടിട്ടുണ്ട്?

ഉത്തരം:

(എ) ഉണ്ട്.

(ബി) തകരാറുകൾ ഉള്ളതായി ബോദ്ധ്യപ്പെട്ട ഓട്ടോറിക്ഷകളുടെ കാര്യത്തിൽ വേണ്ട പരിഹാര നടപടികൾ എടുത്തു. വായ്പയുടെ തവണ സംഖ്യയിലും ഗഡുക്കളിലും ആവശ്യമായ മാറ്റം വരുത്തി. മേലിൽ ഇത്തരം പരാതികൾ ഒഴിവാക്കുന്നതിനായി 1985-86 സാമ്പത്തികവർഷം മുതൽ അപേക്ഷകൻ താൽപ്പര്യമുള്ള ഏതു കമ്പനിയിൽനിന്നും നേരിട്ട് വണ്ടി ബുക്കു ചെയ്യാവുന്നതാണെന്നും അതിന് കോർപ്പറേഷൻ സബ്സിഡിയും ബാങ്ക് വായ്പയും ലഭ്യമാക്കുന്നതാണെന്നും കോർപ്പറേഷൻ തീരുമാനിച്ചിട്ടുണ്ട്.

ശിക്ഷിക്കപ്പെട്ട കൊലക്കേസുകൾ

730 [860] ശ്രീ. കെ. കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ രണ്ടു വർഷത്തിനകം 1984 ജനുവരി ഒന്നിനുശേഷം ശിക്ഷിക്കപ്പെട്ട കൊലക്കേസ്സുകളിൽ സെഷൻസ് കോടതികൾ എത്ര എണ്ണം ശിക്ഷിച്ചിട്ടുണ്ട്;

(ബി) അവയിൽ വധശിക്ഷ എത്ര; ജീവപര്യന്തം എത്ര;

(സി) ആകെ എത്ര കേസുകൾ വെറുതെ വിട്ടിട്ടുണ്ട്?

ഉത്തരം

(എ) 836 കൊലക്കേസ്സുകളിൽ 511 എണ്ണത്തിൽ ശിക്ഷിച്ചിട്ടുണ്ട്.

(ബി) വധശിക്ഷ—15, ജീവപര്യന്തം—281

(സി) 325 കേസുകൾ.

സ്ത്രീധനത്തിന്റെ പേരിൽ ആത്മഹത്യ ചെയ്തവർ

731 [861] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 10.6.1986 വരെ സ്ത്രീധനത്തിന്റെ പേരിൽ എത്ര സ്ത്രീകൾ ആത്മഹത്യ ചെയ്തിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly